5 (*261) കൈത്തറി ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നതിനുള്ള പദ്ധതി

ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. പി. നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കൈത്തറി സംഘങ്ങളിൽ കെട്ടിക്കിടക്കുന്ന ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) കൈത്തറി സംഘങ്ങൾക്ക് പലിശ സബ്സിഡി അനുവദിക്കാറുണ്ടോ; ഇല്ലെങ്കിൽ പലിശ സബ്സിഡി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) കൈത്തറി ഉൽപ്പന്നങ്ങളുടെ സംഭരണത്തിൽ ഹാന്റക്സിലെ ചില ഉന്നതോദ്യോഗസ്ഥന്മാർ വൻതോതിൽ അഴിമതി നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ,

(എ) ഹാന്റെക്സ് ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടാർജെറ്റ് നിശ്ചയിച്ച് ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ പ്രാഥമിക കൈത്തറി സംഘങ്ങളിൽ നിന്ന് സംഭരിച്ചു വരുന്നു. ഇങ്ങനെയുള്ള ഉൽപന്നങ്ങൾ 31-3-99 വരെ സംഭരിച്ചിട്ടുണ്ട്. സംഭരണ നടപടികൾ തുടർന്നു വരുന്നു.

(ബി) ഉണ്ട്. കൈത്തറി സംഘങ്ങൾക്ക് നൽകിവന്നിരുന്ന പലിശ സബ്സിഡി തുടർന്നും നൽകുന്നതാണ്.

(സി) 1997 ഓണക്കാലത്തെ കൈത്തറി തുണി സംഭരണവുമായി ബന്ധപ്പെട്ട് അഴിമതി നടന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) 1997 ഓണക്കാല സംഭരണത്തിലെ അഴിമതിയുമായി ബന്ധപ്പെട്ട് ഹാന്റക്സിലെ മൂന്ന് ഉയർന്ന ഉദ്യോഗസ്ഥന്മാർ സസ്പെൻഷനിലാണ്. അവർക്കെതിരെ അന്വേഷണം നടന്നു വരുന്നു.

ശ്രീ. എൻ. അനിരുദ്ധൻ : സർ, ഓണത്തിനും അതുപോലെയുള്ള വിശേഷാവസരങ്ങളിലും സ്പെഷ്യൽ റിബേറ്റ് നൽകി ജൗളികൾ വില്പന നടത്തുന്നതിനുവേണ്ടി മറ്റു സംസ്ഥാനങ്ങളിൽ നിന്ന് തുണിത്തരങ്ങൾ വാങ്ങാറുണ്ട്. എന്നാൽ കേരളത്തിലെ പ്രൈമറി സംഘങ്ങൾക്ക് ഇന്റന്റ് നൽകി അത്തരം തുണിത്തരങ്ങൾ ഇവിടെ ഉൽപ്പാദിപ്പിച്ച് നൽകണമെന്ന് ആ സംഘങ്ങളോട് ആവശ്യപ്പെട്ടാൽ അത് അവർ കൃത്യമായി നിർവ്വഹിക്കും ആ സാധ്യത തൊഴിലാളികൾക്ക് ധാരാളം ജോലി സൗകര്യമുണ്ടാക്കുന്നതിന് ഉപകാരപ്രദവും ആയിരിക്കും. അത് തള്ളിക്കളഞ്ഞുകൊണ്ട് മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വസ്ത്രങ്ങൾ വാങ്ങി വിൽപന നടത്തുന്ന നടപടി ഒഴിവാക്കുവാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി സുശീലാ ഗോപാലൻ : നമ്മുടെ ഉൽപ്പന്നങ്ങൾ കൂടുതൽ ഭംഗിയായി വിറ്റഴിക്കുന്നതിന് വൈവിദ്ധ്യമേറിയ ഉൽപ്പന്നങ്ങൾ നമ്മുടെ ഡിപ്പോകളിലുണ്ടാകേണ്ടത് വളരെ ആവശ്യമാണ്. അങ്ങനെ മാത്രമാണ് കൂടുതൽ ആളുകൾ വരാനും കൂടുതൽ ഉൽപ്പന്നങ്ങൾ വാങ്ങിക്കാനും കഴിയുക. നമ്മൾ ഇവിടെ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് സാധനങ്ങൾ എടുക്കുമ്പോൾ അത്രയും തന്നെ സാധനങ്ങൾ മിക്കവാറും നമ്മൾ അങ്ങോട്ടും കൊടുക്കാറുണ്ട്. ഇത് പൊതുവായി വൈവിദ്ധ്യവൽക്കരണത്തിനുവേണ്ടി ചെയ്യുന്ന ഒരു നടപടിയാണ്. അതനുപേക്ഷണീയമായ ഒരു കാര്യമാണ്.

ശ്രീ. എൻ. അനിരുദ്ധൻ : കൈത്തറി രംഗത്തുള്ള പ്രൈമറി സംഘങ്ങളെ സഹായിക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള അപ്പെക്സ് സംഘമാണ് ഹാന്റ്ക്സ്. ഇന്ന് കൈത്തറി രംഗത്ത് പ്രൈമറി സംഘങ്ങളിൽ ഉൽപാദിപ്പിച്ച ഉൽപന്നങ്ങൾ കോടിക്കണക്കിന് രൂപയുടേത് കെട്ടിക്കിടക്കുന്നുണ്ട്. അവ വാങ്ങി പ്രൈമറി സംഘങ്ങളെ സഹായിക്കുന്നതിനും കൈത്തറി രംഗത്തുള്ള മാന്ദ്യം ഇല്ലാതാക്കുന്നതിനുവേണ്ടി എന്തെങ്കിലും ശ്രമം ചെയ്യുവാൻ ഗവൺമെന്റ് നിർദ്ദേശം നൽകുമോ?

ശ്രീമതി സുശീലാ ഗോപാലൻ : പണത്തിന്റെ ലഭ്യതയനുസരിച്ച് പരമാവധി സാധനങ്ങൾ പ്രാഥമിക സംഘങ്ങളിൽ നിന്ന് വാങ്ങുന്നുണ്ട്. പലപ്പോഴും സബ്-സ്റ്റാന്റേർഡ് തിംഗ്സ് ഉണ്ടാക്കുന്നുണ്ട്, അതുകൊണ്ട് എല്ലാ സാധനങ്ങളും വാങ്ങാൻ ബുദ്ധിമുട്ടുണ്ടാകുന്നു. പക്ഷേ ആവശ്യമായ പണത്തിന്റെ ലഭ്യതയനുസരിച്ച് കഴിയാവുന്നത്ര സാധനങ്ങൾ പ്രൈമറി സംഘങ്ങളിൽ നിന്നും വാങ്ങുന്നുണ്ട്.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : നമ്മുടെ സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന കൈത്തറിതുണികൾ ആഭ്യന്തരമായി നമ്മുടെ സംസ്ഥാനത്ത് വമ്പിച്ച തോതിൽ വിറ്റഴിക്കാൻ സാദ്ധ്യതകൾ ഏറെയുണ്ട്. ആ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തണമെന്നുണ്ടെങ്കിൽ സർക്കാർ ഓഫീസുകളിലും സർക്കാർ സ്ഥാപനങ്ങളിലും ആശുപത്രികളിലുമൊക്കെ ആവശ്യമുള്ള കൈത്തറിതുണികൾ ഇവരെക്കൊണ്ട് വാങ്ങിപ്പിക്കുന്നതിനുള്ള സർക്കാർ തീരുമാനം എടുക്കുന്ന കാര്യത്തിൽ വകുപ്പുമന്ത്രിയോ അല്ലെങ്കിൽ വകുപ്പോ തീരുമാനമെടുത്തുകൊണ്ട് (ഇങ്ങനെയുള്ള സ്ഥാപനങ്ങൾ ഈ കൈത്തറിത്തുണികൾ വാങ്ങാറില്ല, അതുകൊണ്ട്) ക്യാബിനറ്റ് തീരുമാനം തന്നെ എടുത്ത് ഈ സ്ഥാപനങ്ങളെ നിർബന്ധിപ്പിച്ച് നമ്മുടെ കൈത്തറിതുണികൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : കൈത്തറിത്തുണി മാത്രമല്ല ഖാദിത്തുണികളും വാങ്ങണമെന്നുള്ള വലിയ നിർബന്ധങ്ങൾ പ്രത്യേകിച്ച് സാധനങ്ങൾ കെട്ടിക്കിടക്കുന്നതിന്റെ ഫലമായി ഉണ്ടാകുന്നുണ്ട്. ഇതിനാവശ്യമായ സഹായങ്ങൾ ചെയ്യണമെന്ന് ആരോഗ്യവകുപ്പിനോടും പ്രധാനമായി എടുക്കാൻ കഴിയുന്ന സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. അടുത്തകാലത്ത് ബാന്റേജ് ക്ലോത്ത് ഒരുപാട് കെട്ടിക്കിടന്നത് വാങ്ങണമെന്ന് പ്രത്യേകിച്ച് ആവശ്യപ്പെട്ടിട്ടുണ്ട്. പണത്തിന്റെ ലഭ്യതയനുസരിച്ച് സാധനങ്ങൾ വാങ്ങുന്നതാണ് എന്നാണ് അവർ വിവരം അറിയിച്ചിട്ടുള്ളത്.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : കേന്ദ്രഗവൺമെന്റിൽനിന്നും എന്തെങ്കിലും സാമ്പത്തികസഹായം കൈത്തറി വ്യവസായ മേഖലയ്ക്ക് ലഭിക്കുന്നുണ്ടോ ഉണ്ടെങ്കിൽ, ആ തുക കൈത്തറി വ്യവസായത്തിനുവേണ്ടി മാത്രമായി ഉപ

യോഗിക്കാതെ വഴി മാറി ചെലവഴിക്കുന്നതായി ആക്ഷേപങ്ങൾ കേട്ടിട്ടുണ്ട്. അതിൽ വല്ല വസ്തുതയുമുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇങ്ങനെയൊരു പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങനെ പ്രത്യേക പരാതിയുണ്ടെങ്കിൽ വിവരം അറിയിച്ചാൽ അന്വേഷിക്കുന്നതാണ്.

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : കൈത്തറി മേഖല ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയെന്ന് പറയുന്നത് യഥാസമയത്ത് അവർക്ക് സബ്സിഡി കിട്ടാത്തതുകൊണ്ടുള്ള പ്രയാസമാണ്. അതുകൊണ്ടു തന്നെ പല സഹകരണസ്ഥാപനങ്ങളും ഇന്ന് അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നു. അതുകൊണ്ട് അടിയന്തിരമായും തക്കസമയത്ത് സബ്സിഡി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? അതോടൊപ്പം കൈത്തറി ഉൽപന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്താൻ ഒരു ഡിസൈൻ സെന്റർ കൈത്തറി രംഗത്ത് ഏറെ പ്രാധാന്യമുള്ള കണ്ണൂരിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : കൈത്തറി ഉൽപന്നങ്ങൾ ഇവിടെ വിറ്റഴിക്കുന്നതിനും റിബേറ്റും അതുപോലെ എം.ഡി.എ.യും മറ്റുമുണ്ട്. പക്ഷേ യഥാസമയം മുഴുവൻ റിബേറ്റും എം.ഡി.എ.യും കൊടുത്തുതീർക്കാൻ കഴിയുന്നില്ല. കേന്ദ്രഗവൺമെന്റിൽ നിന്നും എം.ഡി.എ. ഇനത്തിൽ അടുത്തകാലത്ത് കിട്ടിയ 7,61,00,000 രൂപ ഇപ്പോൾ വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇത് കൊടുത്തുകഴിഞ്ഞാൽ അവിടെനിന്നും വീണ്ടും അഞ്ചരകോടി കൂടെ നമുക്ക് ലഭിക്കുവാൻ കഴിയും. അതുകൂടാതെ സംസ്ഥാന ഗവൺമെന്റ് ഇത്തവണത്തെ ബഡ്ജറ്റിൽ 12 കോടി രൂപ എം.ഡി.എ. ഇനത്തിൽ വച്ചിട്ടുണ്ട്. അത് കിട്ടുന്ന മുറയ്ക്ക് തീർച്ചയായിട്ടും ഈ സഹായവും കൊടുക്കുന്നതാണ്. റിബേറ്റ് മുഴുവൻ കൊടുത്തുതീർക്കുന്നതിനാവശ്യമായ പണം ലഭിക്കുവാൻ കഴിഞ്ഞിട്ടില്ല. കിട്ടുന്ന മുറയ്ക്കു ഇതെല്ലാം കൊടുക്കുന്നതാണ്.

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : അതിനോടൊപ്പം ഞാൻ ഡിസൈൻ സെന്ററിന്റെ കാര്യംകൂടി ചോദിച്ചു, അത് കണ്ണൂരിൽ ആരംഭിക്കുമോ? നമ്മുടെ കൈത്തറി സ്ഥാപനങ്ങളിൽ കെട്ടിക്കിടക്കുന്ന തുണിത്തരങ്ങൾ വിറ്റഴിക്കാൻ വിദേശരാജ്യങ്ങളിൽ നടക്കുന്ന അന്താരാഷ്ട്ര മേളകളിൽ നമ്മുടെ കൈത്തറി ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : നമ്മൾ കൈത്തറി ഉൽപന്നങ്ങൾ കണ്ണൂരിൽ നിന്നും ഇപ്പോൾ വിദേശത്ത് കയറ്റി അയയ്ക്കുന്നുണ്ട്. സാർവ്വദേശീയ രംഗത്ത് കേരക്സ് വഴി ചില ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനും എക്സിബിഷനിൽ പങ്കെടുക്കുന്നതിനും ശ്രമിക്കുന്നുണ്ട്. തീർച്ചയായിട്ടും ഇതുപോലെയുള്ള പ്രധാനപ്പെട്ട എക്സിബിഷൻ വരുമ്പോൾ ഈ കാര്യങ്ങളിൽ പങ്കെടുക്കുന്നതിൽ പരിശ്രമിക്കുന്നതാണ്. കണ്ണൂരിൽ അത് ഇന്ന് പ്രവർത്തിക്കുന്നുണ്ട്.

ശ്രീ. പി. നാരായണൻ : കൈത്തറി മേഖലയിൽ പുനഃരുദ്ധാരണം ലക്ഷ്യം വച്ചുകൊണ്ടുള്ള പാക്കേജ് പദ്ധതി ഉൾപ്പെടെ പദ്ധതിത്തുക സംഘങ്ങൾക്ക് യഥാസമയം കിട്ടുന്നില്ല. ഇത് യഥാസമയം കിട്ടുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇതിന് പ്രോഡക്ട് പാക്കേജ് പദ്ധതിയനുസരിച്ചുള്ള സ്കീമുകൾ ഉണ്ടാക്കി സംസ്ഥാന ഗവൺമെന്റിന്റെയും ധന

LIBRARY ARCHIVES Kerala Legislative Assembly

കാര്യ വകുപ്പിന്റെയും അംഗീകാരം കിട്ടി കേന്ദ്രത്തിൽ അയച്ച് അവിടെനിന്നും സാംഗ്ഷൻ വരുമ്പോൾ പലപ്പോഴും താമസിക്കാറുണ്ട്. കഴിയുന്നത്ര താമസം ഒഴിവാക്കുന്നതിന് ഞങ്ങൾ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്. ഇതിന്റെ പ്രൊസീഡ്യൂവറും കാര്യങ്ങളുമൊഴിച്ച് ചില താമസങ്ങൾ വന്നുചേരുന്നുണ്ട്.

ശ്രീ. പി. നാരായണൻ : ഈ വർഷത്തെ ഓണത്തിനുമുമ്പായി, കെട്ടിക്കിടക്കുന്ന മുഴുവൻ കൈത്തറി ഉൽപ്പന്നങ്ങളും സംഭരിച്ച് സംഘങ്ങളെ സഹായിക്കാൻവേണ്ട നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : പണത്തിന്റെ ലഭ്യതയനുസരിച്ച് ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യും. മുഴുവൻ സാധനങ്ങളും വാങ്ങുകയെന്നുള്ളത് ഇന്നത്തെ സ്ഥിതിയിൽ കഴിയുന്ന ഒരു കാര്യമല്ല.

ശ്രീ. ബി. വിജയകുമാർ : കൈത്തറി മേഖലയിലെ ഏറ്റവും വലിയ സ്ഥാപനമാണ് ഹാന്റെക്സ്. ആ ഹാന്റെക്സിൽ മാനേജിംഗ് ഡയറക്ടർക്ക് എതിരായി വിജിലൻസ് അന്വേഷണം നടന്നു. കുറ്റക്കാരനാണെന്ന് റിപ്പോർട്ട് കിട്ടിയതിനുശേഷം മാനേജിംഗ് ഡയറക്ടർക്ക് പുനർനിയമനം നല്കിയത് ശരിയാണോ, വിജിലൻസ് എൻക്വയറിയുള്ളവർക്കു പുനർനിയമനം നൽകുന്നത് ഗവൺമെന്റിന്റെ നയമാണോ എന്ന് വ്യക്തമാക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : പെറ്റീഷൻ ഫയൽ ചെയ്തുവെന്നല്ലാതെ കുറ്റക്കാരൻ ആണെന്നോ ഒന്നും അത് സംബന്ധിച്ച് മറ്റ് ഏതൊരു കാര്യവും ഗവൺമെന്റിന് ലഭിച്ചിട്ടില്ല. അങ്ങനെ ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ടെന്ന് മാത്രമാണറിവ്. അതുസംബന്ധിച്ച് കുറ്റക്കാരനാണെന്നുള്ള രീതിയിൽ എന്തെങ്കിലും പരാമർശം ഉണ്ടാകാതെ ആളുകളെ മാറ്റുന്നത് ശരിയായിരിക്കില്ല. ഈ കാര്യം ഇവിടെത്തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്.....(ബഹളം) ..... ഏത് ആൾ വിചാരിച്ചാലും ഒരു കേസ് കൊണ്ടുവന്ന് ഫയൽ ചെയ്യാൻ കഴിയും.....(ബഹളം).....പക്ഷേ അതുസംബന്ധിച്ച് എന്തെങ്കിലും..... (ബഹളം).....

ശ്രീ. ടി.എം. ജേക്കബ് : സർ,.....

മി. സ്പീക്കർ : അങ്ങേയ്ക്ക് ഒരു ചോദ്യം ചോദിക്കുവാൻ അവസരം നല്കാം. ശ്രീ. ടി. നാണു മാസ്റ്റർ .....

ശ്രീ. ടി. നാണു മാസ്റ്റർ : കൈത്തറി മേഖലയിലെ സഹകരണസംഘങ്ങൾ 1991, 1994, 1995 ഈ കാലഘട്ടങ്ങളിൽ കൈത്തറി സഹകരണസംഘങ്ങൾ ഒക്കെ യഥാർത്ഥത്തിൽ ഉൽപാദനം നടത്താതെ, ഉൽപാദനം നടത്തുന്നുവെന്ന് കണക്കുകൾ എഴുതിയിട്ട് ഗ്രാന്റുകളും മറ്റും വാങ്ങിയതായിട്ടുള്ള പരാതികൾ വന്നിട്ടുണ്ട്. ആ തരത്തിലുള്ള അവസ്ഥ ഇപ്പോൾ ഉണ്ടോ, അത്തരം കാര്യങ്ങൾ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : അങ്ങനെയുള്ള ചില പ്രദേശങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ആ പ്രദേശങ്ങളിൽ എല്ലാംതന്നെ വിശദമായ പരിശോധന നടത്തി കഴിയുന്നത്ര നമുക്ക് കണ്ടുപിടിക്കാവുന്നത് കണ്ടുപിടിച്ച് അത് നിയന്ത്രിക്കാൻ ശ്രമിച്ചിട്ടുണ്ട്.

ശ്രീ. ടി.എം. ജേക്കബ് : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചോദിച്ച ചോദ്യത്തിന് മറുപടി പറഞ്ഞതിൽ നിന്നാണ് ഞാൻ ചോദ്യം ചോദിക്കുന്നത്. സാധാരണഗതിയിൽ വിജിലൻസ് പോലീസ് കേസ് രജിസ്റ്റർ ചെയ്താൽ അതിൽ അക്യൂസ്ഡ് ആണെന്ന് പറയുന്ന ആളുകൾ, കോടതി അവരെ കൺവിക്ട്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നതുവരെ നിരപരാധികളായിരിക്കാം; പക്ഷേ, കേസ് രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ ആ ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്യാറുണ്ട്. അത് ഈ സംസ്ഥാനത്ത് ഒരു കീഴ്വഴക്കമായി നിൽക്കുകയും ചെയ്യുകയാണ്. ഈ സാഹചര്യത്തിൽ ബഹുമാനപെട്ട മന്ത്രി ഇവിടെ പറഞ്ഞു, വിജിലൻസ് കോടതിയിൽ കേസ് ഉണ്ടെന്ന്, അങ്ങനെയെങ്കിൽ വിജിലൻസ് കോടതിയിൽ കേസുള്ള ഒരു ഉദ്യോഗസ്ഥനെ എന്തുകൊണ്ട് സർവ്വീസിൽനിന്നും മാറ്റി നിറുത്താതെ പുനർനിയമനം കൊടുത്തു, അത് ഗവൺമെന്റിന്റെ നയമാണോ?

ശ്രീമതി സുശീലാ ഗോപാലൻ : പുനർനിയമനം കൊടുത്തത്..... (ബഹളം).....ഈ കാര്യത്തിൽ വിജിലൻസ് കോടതിയിൽ കേസുണ്ടെന്നുള്ള കാര്യം ശരിയാണ്. അതിനുമുമ്പുതന്നെ എക്സ്റ്റൻഷൻ കൊടുത്തു കഴിഞ്ഞിരുന്നു. എന്തെങ്കിലും ഒരു റഫറൻസ്, ഇയാൾ കുറ്റക്കാരാനാണെന്ന് കോടതി പറഞ്ഞാൽ തീർച്ചയായിട്ടും അയാൾക്കെതിരായി നടപടിയെടുക്കും. ആർക്കെങ്കിലും എതിരായി ഒരാൾ കേസ് കോടതിയിൽ കൊടുത്തതുകൊണ്ട് തീർച്ചയായിട്ടും അങ്ങനെയൊരു നടപടിയെടുക്കാൻ സാദ്ധ്യമല്ല. വിജിലൻസ് കോടതിയുടെ റഫറൻസ് വന്നാൽ തീർച്ചയായിട്ടും ചെയ്യുന്നതാണ്..... (ബഹളം).....

മി. സ്പീക്കർ : ചോദ്യോത്തരസമയം കഴിഞ്ഞു. ഇപ്പോൾ നടക്കുന്നതു ഓർഡറിൽ അല്ല.....(ബഹളം).....പ്ലീസ്, പ്ലീസ്, ശ്രീ. ടി.എം. ജേക്കബ്.....പ്ലീസ്..... ഇവിടെ ഒരു ചോദ്യത്തിന് കൂടുതൽ സപ്ലിമെന്ററി കിട്ടിയില്ല എന്നുപറഞ്ഞു. സാധാരണ പകരം മന്ത്രിമാർ വരുമ്പോൾ കൂടുതൽ സപ്ലിമെന്ററി വരാറില്ല. അതിന്റെ പേരിലാണ് വന്നുപോയത്. അത് വീണ്ടും ഒന്നുകൂടി ഞാൻ ഓർമ്മിപ്പിക്കുകയാണ്. അതിന് എനിക്ക് അപ്പോൾ ആൻസർ ചെയ്യാൻ പറ്റിയില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : ശരിയാണ്. കൈകാര്യം ചെയ്യുന്ന വകുപ്പുമന്ത്രിക്കുപകരം മന്ത്രി വരുമ്പോൾ അദ്ദേഹത്തിന് മറുപടി പറയാൻ പ്രയാസമുണ്ടാകും. പക്ഷേ പകരം വന്ന മന്ത്രി ശ്രദ്ധിക്കേണ്ട കാര്യം, മന്ത്രിമാർ തുടർച്ചയായിട്ട് ആവർത്തിച്ച് പറഞ്ഞുവെങ്കിലും ഇതുവരെ പ്രഖ്യാപിച്ച സൗജന്യറേഷൻ പലയിടത്തും അർഹതപ്പെട്ടവർക്ക് കിട്ടിയിട്ടില്ല. ഈ പ്രശ്നം ഗൗരവമായിട്ടെടുക്കണം.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : അത് ഞാൻ അഷ്വർ ചെയ്യുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

6 (*262) വനിതകളുടെ ക്ഷേമത്തിനായുള്ള നടപടി

ശ്രീ. ആന്റണി രാജു :
ശ്രീ. പി.സി. ജോർജ് :
ശ്രീ. ടി.എസ്. ജോൺ :
ഡോ. കെ.സി. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly